## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### പഞ്ചായത്തുകളുടെ സെൻസസ് പ്രവർത്തനങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4844

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | സാമൂഹിക-സാമ്പത്തിക -ജാതി സെൻസസിന്റെ കരട് പട്ടിക പ്രസിദ്ധീകരിക്കാനും, ആക്ഷേപങ്ങൾ സ്വീകരിക്കാനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നടന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് വിവരങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് ബി.ഡി.ഒ.മാർക്ക് ഹിയറിംഗിനായി കൈമാറുന്നതിനുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരട് ലിസ്റ്റിന്റെ പൊതുജന പരിശോധനയ്ക്കായി ഗ്രാമ സഭകൾ വിളിച്ചുകൂട്ടുന്നതിനും ഗ്രാമ പഞ്ചായത്തുകളെ ചുമതലപ്പെടുത്താൻ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സെൻസസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നടത്താൻ നേതൃത്വം നൽകിയത് ഏത് വകുപ്പാണ്; തുടർന്നുള്ള പ്രവർത്തനങ്ങൾ ആ വകുപ്പിൽ നിന്നും മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | സെൻസസിന്റെ എല്ലാ ഘട്ടങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത് ഗ്രാമ വികസന വകുപ്പാണ്. മേൽനോട്ടത്തിന്റെ ഒരു ഘട്ടവും ഗ്രാമവികസന വകുപ്പിൽ നിന്നും മാറ്റിയിട്ടില്ല<br>സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റ് കൂടുതൽ ആളുകളുടെ പരിശോധന സാദ്ധ്യമാകത്തക്കവിധം, പ്രത്യേക ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭ വിളിച്ചുകൂട്ടുന്നതിന് അധികാരപ്പെട്ടത് ഗ്രാമപഞ്ചായത്തുകളായതിനാൽ ഇക്കാര്യം പഞ്ചായത്തിന്റെ സഹകരണത്തോടെ മാത്രമേ നടപ്പിലാക്കാനാകൂ. ആയതിനാൽ ഈ ചുമതല ഗ്രാമപഞ്ചായത്ത് സമിതിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് ഹിയറിംഗിനായി ആ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്കിന് നൽകുക മാത്രമാണ് സെക്രട്ടറിമാർ ചെയ്യേണ്ടത്. ഹിയറിംഗ് ഗ്രാമ വികസന |

| | | | |
|---|---|---|---|
| | | | വകുപ്പ് ബി.ഡി.ഒ.മാർ തന്നെ നടത്തുന്നതാണ്. |
| (സി) | ജീവനക്കാരുടെ പുതിയ ഉത്തരവാദിത്വം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം തടസ്സപ്പെടുത്തുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പഞ്ചായത്തുകൾക്ക് പുതിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കേണ്ടി വരുമോയെന്നും ഇക്കാര്യത്തിൽ നയമെന്താണെന്നും വ്യക്തമാക്കുമോ? | (സി) | കേരളത്തിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളുടെയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അടിസ്ഥാന പ്രമാണമായിട്ടാണ് എസ്.ഇ.സി.സി. വിവരങ്ങൾ കണക്കാക്കിയിട്ടുള്ളത്.അതിനാൽ തന്നെ കുറ്റമറ്റ അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാവശ്യമാണ്. പൊതുജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന സ്ഥാപനം എന്ന നിലയിൽ ഈ കർത്തവ്യം നിർവ്വഹിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയും. ഇത് പദ്ധതി രൂപീകരണ നടപടികളെ യാതൊരു കാരണവശാലും ദോഷകരമായി ബാധിക്കാനിടയില്ല.<br>കരട് ലിസ്റ്റ് പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ് തത്ക്കാലം ഗ്രാമപഞ്ചായത്തുകൾക്ക് ബാദ്ധ്യതയാകുന്നതാണ്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും ഇതിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രിന്റിംഗ് ചെലവ് തിരികെ നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സെൻസസിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് ജീവനക്കാരെ ഒഴിവാക്കി കുടുംബശ്രീ മുഖാന്തിരം നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ? | (ഡി) | കരട് ലിസ്റ്റിന്റെ പരിഗണനയ്ക്കായി ഗ്രാമസഭ വിളിച്ചുകൂട്ടി ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുക എന്ന പരമപ്രധാനമായ ഒരു ഘട്ടത്തിന്റെ ചുമതല കുടുംബശ്രീ സംവിധാനത്തെ ഏൽപ്പിക്കുവാൻ നിയമപരമായി കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ